പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.99 3/12/2018-ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. റ്റി.വി. രാജേഷ്<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പ്രാഥമികതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള ക്ലാസുകളിലെ അക്കാദമിക പ്രവർത്തനങ്ങൾ ഏകീകരിക്കാനായി ക്ലാസുകൾ ഒറ്റ യൂണിറ്റാക്കുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ; | (എ) ഇല്ല; |
| (ബി) വിദ്യാഭ്യാസം എന്നത് കേവലം സാക്ഷരതയ്ക്ക് അതീതമായി പുരോഗമന-ശാസ്ത്രീയ ചിന്തയുള്ള ഭാവിതലമുറയെ വാർത്തെടുക്കുന്നതിന് ഉപയുക്തമായ തരത്തിൽ വികസിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) സമഗ്ര ശിക്ഷാ അഭിയാൻ (കേരള) ന്റെ നേതൃത്വത്തിൽ - 1.ഹലോ ഇംഗ്ലീഷ്, 2.ഗണിതവിജയം, 3.സുരീലി ഹിന്ദി, 4.എല്ലാവരും സ്വതന്ത്ര വായനക്കാർ, 5.ഭൗമം, 6.മലയാളം, ഇംഗ്ലീഷ് വായനാകാർഡുകൾ, 7.ശാസ്ത്രകൗതുകം, 8. ഞങ്ങൾ ശാസ്ത്രത്തോടൊപ്പം, 9.ലിറ്റിൽ മാത്തമാറ്റിഷ്യൻ, 10.ലിറ്റിൽ സയന്റിസ്റ്റ്, 11.ശാസ്ത്രരംഗം, 12.ടാലന്റ് ലാബ്, 13.ജൈവവൈവിധ്യ ഉദ്യാനം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) വിദ്യാഭ്യാസ അവകാശ നിയമം ഭേദഗതി ചെയ്ത് വിദ്യാർത്ഥികൾ തോൽക്കാതെ പഠിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരും പിറകിലാകരുതെന്ന ലക്ഷ്യം നിറവേറ്റാനായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) പഠന പുരോഗതിയിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശ്രദ്ധ, എന്റെ മലയാളം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, മലയാളത്തിളക്കം തുടങ്ങിയ പദ്ധതികൾ ഭാഷയുടെ മേഖലയിൽ നടപ്പിലാക്കുന്നു. കിഡ്സ് അത്‌ലറ്റിക്സ്, ചിത്രവണ്ടി, ഊർജ്ജപഥം, ശാസ്ത്രപാർക്കുകൾ, ഹൈവാ അറബിക്, ഊരുമൊഴിച്ചന്തം, ജൈവവൈവിധ്യ ഉദ്യാനം, എന്നീ |

പദ്ധതികളും നടപ്പാക്കുന്നു. ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.അക്കാദമിക നിലവാരത്തിനു പുറമേ, ഉത്തമ സമൂഹജീവിയായി ഒരു വിദ്യാർത്ഥിയെ മാറ്റുന്നതിന് ഇത്തരം പദ്ധതികൾ സഹായകരമാണെന്നു വിലയിരുത്തപ്പെടുന്നു.

സെക്ഷൻ ഓഫീസർ